# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481– 2731020, 2732650**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/80/2018 2018 ഏപ്രിൽ 22

## പത്രക്കുറിപ്പ്

**മാന്നാനം കെ. ഇ. കോളേജിൽ മഞ്ഞപ്പിത്തം ബാധിച്ച് വിദ്യാർത്ഥി മരിച്ച സംഭവത്തിൽ അന്വേഷണം നടത്തും: എം. ജി. വി. സി**

മാന്നാനം കെ. ഇ. കോളേജിൽ മഞ്ഞപ്പിത്തം ബാധിച്ച് വിദ്യാർത്ഥി മരിക്കാനിടയായ സംഭവം അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ അന്വേഷണ സമിതിയെ നിയോഗിച്ചതായി വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അറിയിച്ചു. സിൻഡിക്കേറ്റംഗങ്ങളായ ഡോ. എം. എസ്. മുരളി, ഡോ. ആർ പ്രഗാഷ്, ഡോ. കെ. ഷെറഫുദ്ദീൻ, സ്കൂൾ ഓഫ് ബയോ സയൻസസ് പ്രൊഫസർ ഡോ. ബി. പ്രകാശ് കുമാർ, സർവകലാശാല ഹെൽത്ത് സെന്ററിലെ റെസിഡന്റ് മെഡിക്കൽ ഓഫീസർ, സർവകലാശാല എഞ്ചിനീയർ എന്നിവർ അടങ്ങുന്ന സമിതിയാണ് അന്വേഷണം നടത്തുക. ഇന്ന് (ഏപ്രിൽ 23) ഉച്ചയ്ക്ക് 1.00 മണിക്ക് സമിതി കെ. ഇ. കോളേജ് സന്ദർശിച്ച് തെളിവെടുപ്പ് നടത്തുന്നതായിരിക്കും. കോളേജിലെ കുടിവെള്ള വിതരണം, ഭൗതിക സാഹചര്യങ്ങൾ തുടങ്ങിയ വസ്തുതകൾ വിലയിരുത്തി ഏഴു ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കാനാണ് സമിതിയോട് ആവശ്യപ്പെട്ടിരിക്കുന്നത്. ഇത് സംബന്ധിച്ച് വിദ്യാർത്ഥികളിൽ നിന്നും ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിലാണ് നടപടി. വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഇന്ന് ഉച്ചയ്ക്ക് 1.00 മണിക്ക് കോളേജിൽ അന്വേഷണ സമിതി മുമ്പാകെ ഹാജരായി പരാതി സമർപ്പിക്കാവുന്നതാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**